# അസഹിഷ്ണുതയെക്കുറിച്ച ആരോപണങ്ങൾ

■ *“മറ്റേതു സമുദായവും ചെലുത്തുന്ന നിർബന്ധങ്ങളേക്കാളും നിബന്ധനകളേക്കാളുമപ്പുറം ‘മുസ്‌ലിം’ സമുദായം അവർക്കിടയിലുള്ളവർക്കുമേൽ ഏറെ സമ്മർദം ചെലുത്തുന്ന സമുദായമാണ്. പള്ളിയിൽ പോയി അഞ്ചു നേരം നമസ്കരിച്ചില്ലെങ്കിൽ ചോദ്യം ചെയ്യാൻ ആളുണ്ട്, പ്രത്യക്ഷവും പരോക്ഷവുമായ എതിർപ്പും പ്രകടിപ്പിക്കാൻ ആളുണ്ട് എന്നത് ആ സമുദായത്തിന്റെ മാത്രം പ്രത്യേകതയാണ്. എന്നെപ്പോലുള്ളൊരാൾ അമ്പലത്തിൽ പോയില്ലെങ്കിലോ, പൂജിച്ചില്ലെങ്കിലോ ആരും ചോദ്യം ചെയ്യാറില്ല. സമുദായത്തിന്റെ ഒരു സമ്മർദവും എനിക്കനുഭവിക്കേണ്ടിവരുന്നില്ല. വിശ്വാസികൾ ഉദ്ദേശിക്കുന്ന ‘നേരെയാകലിൽ’ ഞാൻ പെടുന്നില്ല. ഒരു മുസ്‌ലിം എന്ന നിലയിൽ പ്രവർത്തിക്കുമ്പോഴും ജീവിക്കുമ്പോഴും വ്യക്തിസ്വാതന്ത്ര്യത്തിന് പരിമിതികളനുഭവപ്പെടുന്നു എന്നുള്ളതാണ് സത്യം”– എം.ജി.എസ് നാരായണൻ, സമകാലിക മലയാളം വാരിക.*

*“..... കഴിഞ്ഞ വർഷം ചേകനൂർ മൗലവി അനുസ്മരണത്തിന് വരണമെന്ന് കരുതിയെങ്കിലും കഴിഞ്ഞില്ല. അതറിഞ്ഞ പലരും പറഞ്ഞു പങ്കെടുക്കാത്തത് നന്നായി എന്ന്. മൂന്നു നേരം നമസ്കരിച്ചാൽ മതിയെന്ന് പറഞ്ഞയാളുടെ അനുസ്മരണ ചടങ്ങാണ്. അവിടെ പോയാൽ കോഴിക്കോട്ടുകാരായ മുസ്‌ലിംകൾ ആക്രമിക്കും എന്നൊക്കെ. മതത്തിന്റെ പേരിലുള്ള അസഹിഷ്ണുത മുസ്‌ലിംകളിൽ കൂടുതലാണ്”– കന്നഡ എഴുത്തുകാരി സാറാ അബൂബക്കർ (മാധ്യമം 31.7.’07).*

*“........ ഞാൻ സിനിമയിൽ അവതരിപ്പിച്ച കഥാപാത്രം പോലും മതവിരുദ്ധമാണെന്നു പറഞ്ഞ് എനിക്കെതിരെ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്തു”– നടൻ മാമുക്കോയ.*

*ഇതൊക്കെ ചേർത്തു വായിക്കുമ്പോൾ മുസ്‌ലിംകളും ജമാഅത്തെ ഇസ്‌ലാമിക്കാരുമൊക്കെ അസഹിഷ്ണുക്കളും പിന്തിരിപ്പന്മാരുമാണെന്ന് ആർക്കെങ്കിലും തോന്നിപ്പോയാൽ തെറ്റാകുമോ? ജമാഅത്തെ ഇസ്‌ലാമിയുടെ പുരോഗമന മുഖത്തിൽ കാപട്യമുണ്ട് എന്നല്ലേ മാമുക്കോയ പറഞ്ഞതിന്റെ പൊരുൾ?*

***അബൂനുഹ കവ്വായി, കണ്ണൂർ***

**ഇ**സ്‌ലാം മറ്റു മതങ്ങളെപ്പോലെ ഒരു പാരമ്പര്യ മതമാണ് എന്ന സങ്കൽപമാണ് മറ്റു പലരെയും പോലെ ഡോ. എം.ജി.എസ് നാരായണന്റെയും തെറ്റുധാരണക്ക് നിദാനം. ഈ അബദ്ധധാരണ സൃഷ്ടിച്ചെടുക്കുന്നതിൽ മുസ്‌ലിം സമൂഹത്തിന്റെ പങ്ക് നിഷേധിക്കാനുമാവില്ല. സ്പഷ്ടവും അനിഷേധ്യവുമായ ചില തത്ത്വങ്ങളിൽ അധിഷ്ഠിതമായ ഇസ്‌ലാമിനെ ആത്മാർഥമായും സത്യസന്ധമായും ഉൾക്കൊണ്ടവന്റെ പേരാണ് മുസ്‌ലിം എന്നും, അല്ലാതെ വെറും ജാതിപരമായി മുസ്‌ലിം കുടുംബത്തിൽ പിറന്നതുകൊണ്ടോ അറബിപേരുകൾ പൈതൃകമായി ലഭിച്ചതുകൊണ്ടോ ആരും മുസ്‌ലിമാവില്ലെന്നും മുസ്‌ലിംകളിൽതന്നെ വലിയൊരു വിഭാഗം മനസ്സിലാക്കിയിട്ടില്ല. അതിനാൽ നിരീശ്വരവാദിയോ യുക്തിവാദിയോ ആയ ഹിന്ദുവിനെപോലെ ദൈവത്തെയും പ്രവാചകനെയും മതത്തെയും തള്ളിപ്പറയുന്ന മുസ്‌ലിം പോലും ഉണ്ടാവാമെന്ന വിശ്വാസത്തിലാണ് ബുദ്ധിജീവികൾ പോലും. അങ്ങനെയാണെങ്കിൽ അറബിസമൂഹത്തിനും ഖുറൈശി ഗോത്രത്തിനുമെതിരെ മഹാനായ പ്രവാചകൻ എന്തിനു പോരാടി എന്നതാണ് പ്രാഥമിക ചോദ്യം. സ്വന്തം ജനതക്കും സ്വന്തം കുലത്തിനുമെതിരെ അദ്ദേഹം ആശയസമരത്തിനിറങ്ങേണ്ടിവന്നത് അവർ വിഗ്രഹാരാധനയിലും ബഹുദൈവ സങ്കൽപങ്ങളിലും മരണാനന്തര ജീവിതനിഷേധത്തിലും അടിയുറച്ചുനിന്നതുകൊണ്ടാണ്. ഇസ്‌ലാമിന്റെ ഈ മൗലികാധ്യാപനങ്ങൾ സ്വീകരിക്കാൻ തയാറായപ്പോൾ അറബിവംശജരല്ലാത്ത ബിലാലിനെയും സുഹൈബിനെയും സൽമാനെയും ഏറ്റുവാങ്ങാൻ പ്രവാചകൻ തയാറായി. ജീവിതത്തെ സമ്പൂർണമായി ജഗന്നിയന്താവിന് അർപ്പിക്കുന്നതിന്റെ പേരാണ് ഇസ്‌ലാം എന്നതുകൊണ്ട്, അർപ്പണം സുസാധ്യവും സത്യസന്ധവുമാക്കാൻ നിശ്ചയിക്കപ്പെട്ട ആരാധനകളാണ് അഞ്ചു നേര നമസ്കാരവും റമദാൻ വ്രതവും സകാത്തും ഹജ്ജുമെല്ലാം. ശേഷിയുള്ളവരേ ഇതൊക്കെയും ചെയ്യേണ്ടതുള്ളൂ. അതുപോലെ കൊല, വ്യഭിചാരം, പലിശ, മാരണം, മാതാപിതാക്കളോടുള്ള പീഡനം ആദിയായ തിന്മകളിൽനിന്ന് വിട്ടുനിൽക്കേണ്ടതും ഇസ്‌ലാം ഉദ്ദേശിക്കുന്ന ജീവിതവിശുദ്ധിക്കാവശ്യമാണ്. ഇത്തരമൊരു അച്ചടക്കപൂർണമായ ജീവിതം ഭാരവും അസ്വതന്ത്രവുമായി ആർക്കെങ്കിലും തോന്നുന്നത് അതിന്റെ അന്തസ്സത്ത മനസ്സിലാക്കാനോ അത് ശീലമാക്കാനോ ഭാഗ്യം ലഭിക്കാത്തതുകൊണ്ടാണ്. അതോടൊപ്പം ജാതീയത, ജാതകപ്പൊരുത്തം, കണികാണൽ, ജ്യോത്സ്യം, ഗ്രഹപ്പിഴ, ചാത്തൻ, ഭൂതപ്രേതങ്ങൾ തുടങ്ങിയ ഒട്ടേറെ അന്ധവിശ്വാസങ്ങളിൽനിന്ന് മുസ്‌ലിം മോചിതനാവുന്നുണ്ട് എന്ന മറുവശവും കാണണം. എന്നാൽ മതാനുഷ്ഠാനങ്ങളിൽ വീഴ്ചവരുത്തുന്ന മുസ്‌ലിം സഹോദരന്മാരോട് അസഹിഷ്ണുതയും വിരോധവുമല്ല തെറ്റ് സ്നേഹപൂർവം തിരുത്തിക്കാനുള്ള സംയമനവും സഹിഷ്ണുതയുമാണ് ഇസ്‌ലാമിന്റെ സംസ്കാരം എന്ന് മതഭക്തരായ മുസ്‌ലിംകളും മനസ്സിലാക്കണം.

ഒരു മതനിരപേക്ഷ ജനാധിപത്യ രാജ്യത്ത് അഞ്ചുനേരം നമസ്കരിക്കണ മെന്ന് പറയാനുള്ള അവകാശം പോലെ സുസ്ഥാപിതമാണ് നമസ്കാരം മൂന്ന് നേരം മതിയെന്നോ തീരെ വേണ്ടെന്നോ ദൈവംതന്നെ ഇല്ലെന്നോ പറയാനുള്ള അവകാശവും. ആശയസമരത്തിനും ആദർശ സംവാദത്തിനുമല്ലാതെ ബലപ്ര യോഗത്തിന് ഇസ്‌ലാം ആരെയും അനുവ ദിച്ചിട്ടില്ല. എന്നിരിക്കെ ചേകനൂർ മൗല വിയെ അദ്ദേഹത്തിന്റെ സ്വാഭിപ്രായങ്ങ ളുടെ പേരിൽ തട്ടിക്കൊണ്ടുപോയതും തട്ടിക്കളഞ്ഞതും ആരായാലും അത് മഹാ പാതകമാണ്. ഇക്കാര്യം തുടക്കം മുതലേ തുറന്നു പറഞ്ഞതും സ്വതന്ത്രമായ കേസ ന്വേഷണം ആവശ്യപ്പെട്ടതുമായ സംഘട നയാണ് ജമാഅത്തെ ഇസ്‌ലാമി. ചേക നൂർ മൗലവി ജീവിച്ചിരുന്ന കാലത്തൊരി ക്കലും ജമാഅത്ത് തന്നെ പീഡിപ്പിക്കു കയോ ഭീഷണിപ്പെടുത്തുകയോ ചെയ്ത തായി അദ്ദേഹം ആരോപിക്കുകപോലും ചെയ്തിട്ടില്ല. സംഭവത്തിലെ പ്രതികൾ ഏതു വിഭാഗത്തിൽപെട്ടവരാണെന്ന് ഇന്ന് കേരളീയർക്കൊക്കെയും അറിയുകയും ചെയ്യും. പക്ഷേ, ചേകനൂർ തിരോധാന ത്തിനു ശേഷം വലിയ മനുഷ്യാവകാശ സംരക്ഷകരായി രംഗത്തിറങ്ങിയ ചില കപട മതേതരവാദികൾക്ക് ജമാഅത്തു കാർ കുറ്റത്തിൽ പ്രതിചേർക്കപ്പെടാത്തതി ലുള്ള സങ്കടവും നൈരാശ്യവും ചെറുത ല്ല. സകല തീവ്രവാദ-ഭീകര കുറ്റങ്ങളു ടെയും പിതൃത്വം ശരിയുടെ അംശലേശമി ല്ലാതെ ജമാഅത്തിന്റെ പേരിൽ വെച്ചുകെ ട്ടാൻ നോമ്പ് നോറ്റു നടക്കുന്ന ഇക്കൂട്ടർ അകാരണമായും അനവസരത്തിലും ചേകനൂർ അനുസ്മരണവേദികളെ പോലും ജമാഅത്ത്‌വിരോധം കരഞ്ഞു തീർക്കാൻ ഉപയോഗിക്കുകയാണ്. ഒരു പാട് കൃതികൾ ചേകനൂർ എഴുതിയിട്ടു ണ്ട്. ഒന്നിൽപോലും ഇവരീ പറയുന്ന 'മതരാഷ്ട്രവാദം' വിഷയമാവുകയോ അതിന്റെ പേരിൽ ജമാഅത്തിനെ ആക്ര മിക്കുകയോ ചെയ്തിട്ടില്ല. സുന്നത്ത് നിരാസവും നമസ്കാരസമയവും സർവ മത സത്യവാദവുമൊക്കെയായിരുന്നു ചേകനൂരിന്റെ അജണ്ടകൾ. ഇതൊന്നും നവ ചേകനൂരിസ്റ്റുകൾക്ക് താൽപര്യ മുള്ള വിഷയങ്ങളല്ല. അതിനാൽ അവർ ഔചിത്യബോധം പോലും ഇല്ലാതെ അവസരങ്ങൾ ദുർവിനിയോഗം ചെയ്യു ന്നു.

നടൻ മാമുക്കോയക്ക് അഭിനയം അറിയുമായിരിക്കും. ഇസ്‌ലാമിനെക്കുറി ച്ചൊന്നും ആ സാധു പഠിച്ചിട്ടില്ല. സിനിമ യിലായാലും കൊലയും മദ്യപാനവും വ്യഭിചാരവും ബലാത്സംഗവും മറ്റു കൃത്യങ്ങളും പ്രോത്സാഹിപ്പിക്കുന്ന പ്രവ ണതയെ മനുഷ്യസ്നേഹികൾക്ക് എതിർക്കാതിരിക്കാനാവില്ല. ഓട്ടോ ശങ്കർ കേസിൽ സുപ്രീംകോടതി പോലും ചൂണ്ടിക്കാട്ടിയ വസ്തുതയാണ ത്. അതല്ലാതെ ജമാഅത്തെ ഇസ്‌ലാമി മാമുക്കോയയുടെയോ മറ്റാരുടെയോ കാര്യത്തിൽ ഇടപെട്ട ചരിത്രമില്ല.

## ബംഗാൾ മുസ്‌ലിംകൾ

■ *"മുസ്‌ലിംകൾ ബംഗാളിൽ മാത്രമല്ല ഇന്ത്യയിലെല്ലായിടത്തും പിന്നാക്കമാണ്. പിന്നീട് ബംഗ്ലാദേശായി മാറിയ കിഴക്കൻ ബംഗാളിലെ മുസ്‌ലിം ജനങ്ങളുമായാണ് പശ്ചിമ ബംഗാളിലെ മുസ്‌ലിംകളെ താര തമ്യം ചെയ്യേണ്ടത്.... സാക്ഷരത, വിദ്യാ ഭ്യാസം, സംസ്കാരം, സാമ്പത്തിക പുരോഗതി എന്നിങ്ങനെ ഏതെങ്കിലും മേഖലയിൽ പടിഞ്ഞാറൻ ബംഗാളിനൊ പ്പമെങ്കിലുമെത്താൻ ബംഗ്ലാ മുസ്‌ലിം കൾക്ക് കഴിഞ്ഞിട്ടുണ്ടോ?... മതപരമായ അന്ധവിശ്വാസങ്ങളാണ് മുസ്‌ലിംകളുടെ പുരോഗതിക്ക് തടസ്സം..... സ്വന്തം രാജ്യ ത്തിന്റെ അതിരുവേലി കടന്ന് ഇന്ത്യയിൽ വന്ന് 10 രൂപക്കും 15 രൂപക്കും പത്തും പന്ത്രണ്ടും മണിക്കൂർ അടിമപ്പണി ചെയ്യുന്ന പതിനായിരക്കണക്കിന് ബംഗ്ലാ ദേശി മുസ്‌ലിംകളെ അസമിലെയും മേഘാലയയിലെയും ചായത്തോട്ടങ്ങളി ലും മറ്റും കാണാം. നിത്യവൃത്തിക്കായി വേശ്യാപ്പണി ചെയ്യുന്ന നൂറുകണക്കിന് സ്ത്രീകൾ ധാക്ക തെരുവിലുണ്ട്. ഇസ് ലാമും ഇസ്‌ലാമിക രാജ്യവും നിയമവു മൊക്കെയുണ്ടായിട്ടും ഈ ദുരവസ്ഥക്കെ ന്തേ കാരണം?" (ഇ.എ ജബ്ബാർ 'നവോ ത്ഥാന മൂല്യങ്ങൾ പടിയിറങ്ങുമ്പോൾ'- മാതൃഭൂമി ആഴ്ചപ്പതിപ്പ്). മുജീബിന്റെ പ്ര തികരണം?*

***ടി.എം സജദിൽ മുജീബ്***
***പാലക്കാട്***

**ക**ടുത്ത ജാതിവിവേചനവും സവർണ മേധാവിത്വവും പുലർന്ന മേഖ ലയാണ് ബംഗാൾ. നിന്ദിതരും പീഡിതരു മായ അധഃകൃത ജാതികൾ ഇസ്‌ലാമിന്റെ സമത്വദർശനത്തിൽ ആകൃഷ്ടരായി കൂട്ട ത്തോടെ അതിലേക്ക് വരികയായിരുന്നു. "ഹീനജാതിക്കാരായ ഹിന്ദുക്കളും പ്രവാ ചകന്റെ അനുയായികളും തമ്മിൽ ആചാ രത്തിലുള്ള സാദൃശ്യവും ശാരീരികമായ സാമ്യതയും ബംഗാളിലെ മുസ്‌ലിംക ളിൽ ബഹുഭൂരിപക്ഷവും ആദിവർഗങ്ങ ളിൽനിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരാ ണ് എന്ന് സൂചിപ്പിക്കുന്നു; മുസ്‌ലിം കൾക്കിടയിലുള്ള ജാതിവ്യത്യാസങ്ങളും അത്തരമൊരു നിഗമനത്തെ സാധൂകരി ക്കുകയാണ് ചെയ്യുന്നത്.... എന്നാൽ ബംഗാളിലാകട്ടെ ആദിവർഗങ്ങൾ മുസ്‌ലിംകളെ കൈയും നീട്ടി സ്വീകരി ക്കുകയാണ് ചെയ്തത്. ദുരഭിമാനികളായ ആര്യൻ ഭരണകർത്താക്കളാൽ നിന്ദിക്കപ്പെട്ടിരുന്ന അവർ ഹിന്ദുമത ത്തിന്റെ വിളുമ്പിൽ കഴിയുന്ന അധഃസ്ഥി തരായിരുന്നു..... ഈ ദരിദ്രജനതക്ക്- മുക്കുവന്മാർക്കും നായാടികൾക്കും കടൽക്കള്ളന്മാർക്കും കന്നാലി ചെക്ക ന്മാർക്കും- മഹോന്നതങ്ങളിൽനിന്നുള്ള വെളിപാടായിരുന്നു ഇസ്‌ലാം.... ബംഗാ ളിലെ ഇസ്‌ലാമിന്റെ വിജയം ബലപ്ര യോഗം കൊണ്ടായിരുന്നില്ല. അത് ജന ങ്ങളെ ആകർഷിച്ചു. അതിന്റെ അനുയാ യികളിൽ ഭൂരിപക്ഷവും ദരിദ്രജനവിഭാഗ ത്തിൽനിന്നായിരുന്നു. ദൈവത്തെക്കു റിച്ചുള്ള ഉന്നതമായ ഒരു സങ്കൽപം അത് സമർപ്പിച്ചു. അതേപോലെ മനുഷ്യസാ ഹോദര്യത്തെക്കുറിച്ച് വിശിഷ്ടമായ ഒരാ ശയവും അതിന് നൽകാനുണ്ടായിരുന്നു. യുഗങ്ങളായി ഹിന്ദുയിസത്തിന്റെ അതി രിൽ നിന്ദിതരായി ഒതുങ്ങിക്കൂടിയിരുന്ന ബംഗാളിലെ അസംഖ്യം ഹീനജാതി ക്കാർക്ക് ഒരു പുതിയ സാമൂഹിക സംസ്കൃതിയിലേക്ക് ഇസ്‌ലാം പ്രവേ ശനം നൽകി, സൗജന്യമായി" (Sir W.W Huuter, The religions of India -The Times Feb 15, 1888, ഉദ്ധരണം: *ഇസ്‌ലാം പ്ര ബോധനവും പ്രചാരവും*- സർ തോമസ് ആർണൾഡ്, പേജ് 339, 340-പ്രസാധനം: ഐ.പി.എച്ച് കോഴിക്കോട്, ഒക്ടോബർ 1985). നൂറ്റാണ്ടുകളിലൂടെ ബംഗാളിലെ മുസ്‌ലിം സമൂഹം വളരുകയും വികസി ക്കുകയും ചെയ്തിരുന്നെങ്കിലും സവർണ മേധാവിത്വവും പിൽക്കാലത്ത് ബ്രിട്ടീഷ് കൊളോണിയലിസവും അവരെ താരതമ്യേന അധഃസ്ഥിതരായി ത്തന്നെ നിലനിർത്തി. ബ്രിട്ടീഷ് ഭരണകാ ലത്ത് ബംഗാൾ വിഭജനത്തോടെ കിഴ ക്കൻ ബംഗാളിലെ മുസ്‌ലിം ഭൂരിപക്ഷം കൂടുതൽ അവഗണിതരായി തുടർന്നു. 1947 ആഗസ്റ്റ് 14-ന് ഇന്ത്യ വിഭജനാന ന്തരം പൂർവ ബംഗാൾ ഈസ്റ്റ് പാകി സ്താൻ ആയി മാറിയപ്പോഴും പഞ്ചാബ്- സിന്ധി ആധിപത്യം പുലർന്ന പാകി സ്താനിൽനിന്ന് കിഴക്കൻ പാകിസ്താന് നീതി ലഭിച്ചില്ല. അതിന്റെ പ്രത്യാഘാത മായിരുന്നു 1977-ലെ ഇന്ത്യാ-പാക് യുദ്ധവും തുടർന്ന് സ്വതന്ത്ര ബംഗ്ലാദേ ശിന്റെ രൂപവത്കരണവും. ബംഗ്ലാദേ ശിന്റെ രാഷ്ട്രപിതാവായി അറിയപ്പെ ടുന്ന ശൈഖ് മുജീബുർറഹ്മാൻ തികഞ്ഞ മതേതരനായിരുന്നു; പുത്രി ഹസീനയും അങ്ങനെത്തന്നെ. ഇവരുടെ ഭരണകാലത്തും ബംഗ്ലാദേശിന് സുസ്ഥിതി ഉണ്ടായില്ല. മറിച്ച്, ബംഗ്ലാദേ ശിൽ കാർഷിക-വ്യാവസായിക മേഖല കളിൽ നേരിയ ഉണർവെങ്കിലും പ്രകടമാ യത് കഴിഞ്ഞ ബീഗം ഖാലിദ സിയ സർക്കാറിൽ ബംഗ്ലാദേശ് ജമാഅത്തെ

ഇസ്‌ലാമി പ്രതിനിധികൾ പ്രസ്തുത വകുപ്പുകൾ കൈയാളിയപ്പോഴാണ്. നില വിലെ ഇടക്കാല സർക്കാർ മുൻ മന്ത്രിസ ഭകളുടെ അഴിമതിക്കെതിരെ ആരംഭിച്ച നടപടികൾക്കിടയിൽ മുഖം രക്ഷിച്ചു നിൽക്കുന്നതും ജമാഅത്ത് മുൻ മന്ത്രി മാർതന്നെ.

ബംഗ്ലാദേശിൽനിന്ന് ഇന്ത്യയിൽ കുടിയേറി കൂലിവേല ചെയ്യുന്നവരിൽ മഹാഭൂരിഭാഗവും വിഭജനവേളയിലും തുടർന്നും കിഴക്കൻ പാകിസ്താനി ലേക്ക് കുടിയേറിയ ബിഹാരികളാണ്. ബംഗ്ലാദേശ് നിലവിൽവന്നപ്പോൾ അവർക്ക് പൗരത്വം നൽകിയില്ല; പാകി സ്താൻ അവരെ ഏറ്റെടുത്തതും ഇല്ല. ഈ ഹതഭാഗ്യരെ ചൂണ്ടിക്കാട്ടി ബംഗ്ലാദേ ശുകാരാകെ അവരെപ്പോലെയാണെന്ന സാമാന്യവത്കരണം ശരിയല്ല. അവരു ടേത് പരിഹാരം തേടുന്ന മാനുഷിക ദുര ന്തമാണെന്നത് വേറെ കാര്യം. അതേസ മയം മൂന്ന് പതിറ്റാണ്ടായി തീവ്ര മതേതര നാസ്തിക സർക്കാറിന്റെ കീഴിൽ പശ്ചിമ ബംഗാൾ മുസ്‌ലിംകളുടെ ദൈന്യാവസ്ഥ ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി അനാവ രണം ചെയ്തിട്ടുണ്ട്: 'പശ്ചിമ ബംഗാളി ലെയും ബിഹാറിലെയും 1000-ത്തിന് ഏറെ മുസ്‌ലിം ഭൂരിപക്ഷ ഗ്രാമങ്ങളിൽ വിദ്യാഭ്യാസസൗകര്യം നിലവില്ല' (*സച്ചാർ സമിതി റിപ്പോർട്ട് മലയാള വിവർത്തനം*, പേജ് 156). ബംഗാളിലും ബിഹാറിലുമായി 3000-ത്തോളം ഗ്രാമ ങ്ങൾ ഒരുവിധത്തിലുമുള്ള മെഡിക്കൽ സൗകര്യങ്ങളും ഇല്ലാത്തവയാണ് (Ibid 156). പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ്, ബിഹാർ, ആസാം, ജമ്മു-കശ്മീർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ കമ്പിത്തപാൽ സൗകര്യങ്ങളില്ലാത്ത നിര വധി മുസ്‌ലിം ഭൂരിപക്ഷ ഗ്രാമങ്ങളുണ്ട് (Ibid 156). വിവിധ സംസ്ഥാനങ്ങളിലേ ക്കെത്തുമ്പോൾ പശ്ചിമ ബംഗാൾ, ബിഹാർ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങ ളിൽ പട്ടികജാതി-പട്ടിക വർഗ വിഭാഗങ്ങ ളേക്കാൾ താഴെയാണ് മുസ്‌ലിംകളുടെ സ്ഥാനം (Ibid 167). ചില സംസ്ഥാനങ്ങ ളിൽ ഗ്രാമീണ മേഖലയിൽ പോലും കൂടിയ അളവിൽ മുസ്‌ലിം ദാരിദ്ര്യം നില നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പശ്ചിമ ബംഗാളും ആസാമും ഉദാഹര ണം. ആസാം, പശ്ചിമ ബംഗാൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങ ളിലും മുസ്‌ലിംകളിൽ നഗരങ്ങളിലെ ദാരിദ്ര്യമാണ് ഗ്രാമങ്ങളിലേക്കാൾ കൂടിയ തെന്ന് പ്രത്യേകം എടുത്തുപറയേണ്ട താണ് (Ibid 170). ജനസംഖ്യയിൽ 25 ശത മാനം വരുന്ന പശ്ചിമ ബംഗാൾ മുസ്‌ലിം കളുടെ ഈയവസ്ഥ മറച്ചുവെച്ചാണ് യുക്തിവാദി ജബ്ബാർ ബംഗ്ലാദേശ് മുസ്‌ലിം കളേക്കാൾ അവർ എത്രയോ ഭേദമാ ണെന്ന് തട്ടിവിട്ടത്! മതപരമായ അന്ധവി ശ്വാസങ്ങളേക്കാളുപരി മതേതര സർക്കാ റുകളുടെ അവഗണനയും വേട്ടയാടലു മാണ് മുസ്‌ലിം പിന്നാക്കാവസ്ഥക്ക് കാര ണമെന്ന് സച്ചാർ സമിതി റിപ്പോർട്ട് സംശ യാതീതമായി എടുത്തുകാട്ടുന്നു.

## ഇഖാമത്തുദ്ദീൻ പ്രയോഗം

■ *മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്ന മക്കയിൽ നബി(സ) തൗഹീദും രിസാലത്തും ആഖിറത്തും പ്രബോധനം ചെയ്തു. പൊതുലക്ഷ്യം ഇഖാമത്തുദ്ദീനായിരുന്നുവെങ്കിലും ആ സംജ്ഞ ഉപയോഗിച്ചില്ല. ലക്ഷ്യം മറന്ന സമൂഹത്തിൽ ലക്ഷ്യം പരിചയപ്പെടുത്തിയും ബഹുസ്വര സമൂഹത്തിൽ അഖീദ (വിശ്വാസം) പ്രചരിപ്പിച്ചുമല്ലേ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനം വേണ്ടത്? മതരാഷ്ട്രവാദാരോപണത്തിന്റെ പ്രധാന കാരണവും ലക്ഷ്യത്തിന്റെ അസ്ഥാനത്തുള്ള പ്രയോഗമല്ലേ?*

***ഇൻസാഫ്***
***പതിമംഗലം***

**മ**ക്കയിൽ അവതരിച്ച *അശ്ശൂറാ* അധ്യായത്തിലെ 13-ാം സൂക്തത്തിലാണ് ഖുർആൻ ഇഖാമത്തുദ്ദീൻ എന്ന സംജ്ഞ ഉപയോഗിച്ചിട്ടുള്ളത്. അതി നാൽ നബി(സ) മക്കയിൽ 'ഇഖാമത്തു ദ്ദീൻ' ഉപയോഗിച്ചില്ലെന്ന ധാരണ അബ ദ്ധമാണ്. ദുൻയാവിൽ എവിടെയായാലും എപ്പോഴായാലും ദീനീ പ്രബോധന ത്തിന്റെ അടിത്തറ തൗഹീദും രിസാ ലത്തും ആഖിറത്തും തന്നെ. അതിനാ ലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാ മിയും പ്രബോധനത്തിന്റെ ആധാരശില കളായി പ്രസ്തുത തത്ത്വങ്ങളെ അവത രിപ്പിച്ചിരിക്കുന്നത്. ജമാഅത്ത് പോളിസി ആരംഭിക്കുന്നത് ഇങ്ങനെ: 1. പ്രബോ ധനം: രാജ്യനിവാസികളിൽ താഴെ പറ യുന്ന കാര്യങ്ങൾ സാധിക്കുംവിധം ജമാ അത്ത് പ്രബോധന പ്രവർത്തനം നടത്തു ന്നതാണ്: അവർക്ക് ഇസ്‌ലാമിന്റെ അടി സ്ഥാന കാര്യങ്ങളായ ഏകദൈവത്വം, പ്രവാചകത്വം, പാരത്രിക ജീവിതം എന്നി വയും അവയുടെ താൽപര്യങ്ങളും മന സ്സിലാവുക; ഇസ്‌ലാം മാത്രമാണ് നീതി യുടെയും കാരുണ്യത്തിന്റെയും ഏകവ്യ വസ്ഥിതിയെന്ന് ബോധ്യമാവുക; അത് സ്വീകരിക്കുന്നതിലാണ് ഐഹികക്ഷേ മവും പാരത്രിക മോക്ഷവും കുടികൊ ള്ളുന്നതെന്നും അത് നിഷേധിക്കുന്നത് ഇഹലോകത്തും പരലോകത്തും നഷ്ട ത്തിന് കാരണമാകുമെന്നും മനസ്സിലാ വുക; ബഹുദൈവത്വവും നിരീശ്വര ത്വവും അപ്രകാരം ഇതര വിശ്വാസങ്ങൾ, ചിന്താഗതികൾ, സിദ്ധാന്തങ്ങൾ എന്നി വയും അബദ്ധമാണെന്ന് വ്യക്തമാവുക; ധാർമിക തിന്മകളുടെ ദൂഷ്യങ്ങളും വിപ ത്തുകളും നല്ലവണ്ണം ബോധ്യമാവുക; ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും കുറിച്ച തെറ്റുധാരണകൾ നീങ്ങുക.'

ഇതാണ് ഇസ്‌ലാമിക പ്രസ്ഥാന ത്തിന്റെ മൗലിക പ്രബോധനം. സാംസ് കാരിക ഇസ്‌ലാം, സൂഫിസ്റ്റ് ഇസ്‌ലാം, സലഫി ഇസ്‌ലാം എന്നീ പേരുകളിലൊ ക്കെ ഓരോതരം ബ്രാന്റ് ഇസ്‌ലാമിനെ അവതരിപ്പിച്ച് അതിനെ അരാഷ്ട്രീയവത് കരിക്കാൻ ശ്രമിക്കുന്നവരാണ് മതരാഷ്ട്ര വാദാരോപണത്തിനു പിന്നിൽ. സാമൂഹി ക ഇടപെടലുകൾ ഇല്ലാത്ത ഒരു ഇസ്‌ലാ മിനെ അല്ലാഹുവോ പ്രവാചകരോ പരിച യപ്പെടുത്തിയിട്ടില്ല. ■